**മധുരമായ കുട്ടികളേ, ലക്ഷ്യമാകുന്ന സോപ്പ് ഉപയോഗിച്ച് അഴുക്ക് പിടിച്ചിരിക്കുന്ന ആത്മാവാകുന്ന വസ്ത്രത്തെ ശുദ്ധമാക്കു, പവിത്രമായ പെരുമാറ്റം ധാരണ ചെയ്യു കൂടാതെ മറ്റുള്ളവരെ കൊണ്ട് ചെയ്യിപ്പിക്കു.**

**ചോദ്യം:–** ഏതൊരു ഇന്ദ്രജാലമാണ് വളരെ ഫസ്റ്റ് ക്ലാസ് ഇന്ദ്രജാലം– എങ്ങനെ ?
**ഉത്തരം:–** ഈശ്വരീയ ഇന്ദ്രജാലമാണ് ഫസ്റ്റ് ക്ലാസ്, കാരണം ഇതിലൂടെയാണ് നരകവാസിയിൽ നിന്ന് സ്വർഗ്ഗവാസിയാകുന്നത്, പതീതത്തിൽ നിന്ന് പാവനമാകുന്നത്. ഈ ഇന്ദ്രജാലം ബാബയാണ് പഠിപ്പിക്കുന്നത്. ബാബ പറയുന്നു– കുട്ടികളേ, കേവലം ഫോളോ ചെയ്യൂ എങ്കിൽ നിങ്ങൾ രാജാക്കൻമാരുടേയും രാജാവാകും. ആത്മാവിനെ പവിത്രമാക്കിയാൽ ശരീരവും പവിത്രമായത് ലഭിക്കും. പഴയ ശരീരം–മനസ്–ധനം ഇൻഷ്വർ ചെയ്യൂ എങ്കിൽ പുതിയത് ലഭിക്കും. ഇങ്ങനെയുള്ള വ്യാപാരം സംഗമത്തിൽ ബാബ തന്നെയാണ് പഠിപ്പിക്കുന്നത്.

**ഗീതം:–** ഇന്ന് അന്ധകാരത്തിലാണ് മനുഷ്യർ....

**ഓം ശാന്തി**. കുട്ടികൾ ഗീതത്തിന്റെ വരികൾ കേട്ടു. ഒരു വശത്ത് ഭക്തീമാർഗ്ഗത്തിലുള്ള മുഴുവൻ ലോകം. മറുവശത്ത് ജ്ഞാനമാർഗ്ഗത്തിലുള്ള നിങ്ങൾ കുട്ടികൾ. അവർ ഭക്തിയുടെ പടികൾ കയറിക്കൊണ്ടിരിക്കുന്നു. എന്നാൽ നിങ്ങൾ കുട്ടികൾ ജ്ഞാനത്തിന്റെ പടികൾ കയറിക്കൊണ്ടിരിക്കുന്നു, ഭക്തിയുടെ പടികൾ ഇറങ്ങുന്നു. അരകല്പമായി ഭക്തിയുടെ പടികൾ കയറേണ്ടതുണ്ട് എന്നു കുട്ടികൾക്കറിയാം. എത്രത്തോളം ഭക്തിയുടെ പടികൾ കയറുന്നുവോ അത്രയും താഴെക്കിറങ്ങുന്നു. പിന്നെ എത്രത്തോളം ജ്ഞാനത്തിന്റെ പടികൾ കയറുന്നുവോ അത്രത്തോളം സദ്ഗതി നേടും. ഭക്തിയും ആദ്യം അവ്യഭിചാരിയായിരുന്നു. പിന്നീട് വ്യഭിചാരിയാകുന്നു. പിന്നെ പൂർണ്ണമായും അന്ധവിശ്വാസത്തിലേക്കു പോകുന്നു. ഒന്നും മനസ്സിലാക്കുന്നില്ല. ഞങ്ങൾ ഘോരഅന്ധകാരത്തിലാണ് എന്നു പാടുന്നുണ്ട്. സദ്ഗുരു ഇല്ല എങ്കിൽ ഘോര അന്ധകാരമാണ്. ഇവിടെ ഗുരുക്കന്മാർ വളരെപ്പേർ ഉണ്ട്, എന്നാൽ സത്യമായ ഗുരു ആരാണ്? സാധു, സന്യാസി മഹാത്മാക്കൾ, ഭക്തന്മാർ, തുടങ്ങിയ സർവ്വരും സാധനകൾ ചെയ്യുന്നു അഥവാ ഓർമ്മിക്കുന്നുണ്ട്. വേദ,ശാസ്ത്ര, ഉപനിഷത്തുകൾ പഠിക്കുന്നുണ്ട്. എന്നിട്ടും പറയുന്നു, ഭഗവാൻ വരുമ്പോൾ ഞങ്ങളുടെ സദ്ഗതി ചെയ്യും. സദ്ഗതി ദാതാവിനെ പതീതപാവനൻ എന്നു പറയുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ പ്രകാശത്തിലേക്കു വന്നു. പതീതപാവനനായ ബാബയെ അറിയാം ഓർമ്മിക്കുകയും ചെയ്യുന്നു. ആര് എത്രയും ബാബയെ ഓർമ്മിക്കുന്നുവോ, ജ്ഞാനം ധാരണ ചെയ്യുന്നുവോ, അത്രയും അവരുടെ അജ്ഞാന അന്ധകാരം വിനാശമാകും. പ്രകാശത്തിലേക്കു കൊണ്ടുപോകുന്നവൻ ഒരേയൊരു ബാബയാണ്. അതുകൊണ്ടാണ് പറയുന്നത്, ജ്ഞാന അഞ്ജനം സദുഗുരു നല്കി... ഇത് സുറുമയുടെ കാര്യമല്ല. ഇത് ജ്ഞാനത്തിന്റെ കാര്യമാണ്. ജ്ഞാനത്തോടൊപ്പം യോഗവും ഉണ്ടാകും. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയോഗം നിരാകാരനായ പരമപിതാ പരമാത്മാവിനോടൊപ്പം ചേർന്നു. എന്നാൽ നിങ്ങളിലും സംഖ്യാക്രമത്തിലാണ്. മറ്റൊരു മനുഷ്യർക്കും സർവ്വശക്തിമാനായ പരംപിതാ പരമാത്മാവിനോടൊപ്പം യോഗമില്ല. നിങ്ങൾക്കും ബാബയോടും മുക്തി– ജീവൻ മുക്തി ധാമത്തോടും യോഗം വെയ്ക്കേണ്ടതുണ്ട്. മുക്തി, ജീവൻ മുക്തിക്കായി ദൈവീക പെരുമാറ്റം വേണം. ഇപ്പോൾ എല്ലാവരുടേയും പെരുമാറ്റം ആസുരീയമാണ്. പരംപിതാ പരമാത്മാവിന്റെ ഗുണം പാടപ്പെടുന്നു– മനുഷ്യസൃഷ്ടിയുടെ ബീജരൂപമാണ്, സത്യമാണ്, ചൈതന്യമാണ്, ആനന്ദത്തിന്റെ സാഗരമാണ്, ജ്ഞാനത്തിന്റെ സാഗരം, പവിത്രതയുടെ സാഗരമാണ്. സദാ നിലനിൽക്കുന്നതാണ്. ബാബയുടെ ഈ പദവി അവിനാശിയാണ്. മറ്റൊരു മനുഷ്യർക്കും അവിനാശി പദവി ഉണ്ടാവുകയില്ല. ഇപ്പോൾ നിങ്ങൾ ജ്ഞാനത്തിന്റെ സാഗരം, പവിത്രതയുടെ സാഗരം ആകുന്നുണ്ട്. എന്നാൽ പരിധിയുള്ളതാണ് ആകുന്നത്. ബാബ പറയുന്നു – ഞാൻ പരിധിയില്ലാത്തവനാണ്. നിങ്ങളെ പരിധിയില്ലാത്തതാക്കാൻ സാധിക്കില്ല. അല്ലായെങ്കിൽ എങ്ങനെ കളി നടക്കും. നിങ്ങൾക്ക് സദാ കാലത്തേത് ആകാൻ സാധിക്കില്ല, 21 ജന്മങ്ങളിലേക്ക് നിങ്ങൾ ആയിത്തീരുന്നു. 21 പടികളെക്കുറിച്ച് പാടപ്പെട്ടിരിക്കുന്നു. നിങ്ങൾ സദാ കാലത്തേക്ക് നിലനിൽക്കുക എന്നുള്ളത് നിയമമല്ല. ഞാനാണ് സദാ പവിത്രം. ഞാൻ പരംധാമത്തിലാണ് വസിക്കുന്നത്. എനിക്ക് ജ്ഞാനം, പവിത്രത തുടങ്ങിയവ സദാ ഉള്ളതുതന്നെയാണ്. നിങ്ങൾ മറന്നുപോകുന്നു. അതുകൊണ്ട് ഇപ്പോൾ ബാബ വന്ന് കുട്ടികളെ ഘോരഅന്ധകാരത്തിൽനിന്നും മാറ്റി ജ്ഞാന– യോഗത്തിലൂടെ പവിത്രമാക്കുന്നു. ഞാൻ പരംധാമത്തിൽ നിന്ന് വന്നിരിക്കുന്നു, അച്ഛനായ എന്നെ ഓർമ്മിക്കൂ എന്ന് ആർക്കും തന്നെ പറയാൻ സാധിക്കില്ല. സന്യാസികൾ സ്വയം തന്നെ പരമാത്മാവ് എന്ന് വിളിക്കുന്നുണ്ടാവാം എന്നാൽ ഞാൻ പരംധാമത്തിൽ നിന്നാണ് വന്നിരിക്കു

ന്നത്, ഇപ്പോൾ എന്നെ ഓർമ്മിക്കൂ എന്ന് അവർക്ക് പറയാൻ സാധിക്കില്ല. ഈ മഹാവാക്യങ്ങളെ ആർക്കും തന്നെ കോപ്പി ചെയ്യാൻ സാധിക്കില്ല.
ബാബ പറയുന്നു, ഞാൻ നിങ്ങളെ രാജാക്കന്മാരുടെയും രാജാവാക്കാൻ വരുന്നു. ആരാണോ കല്പം മുമ്പ് ആയിരുന്നത്, അവർ ഇപ്പോൾ ആകും. നിങ്ങൾക്കറിയാം എത്ര കുട്ടികളാണ് പവിത്രമായിരിക്കുന്നത്, എത്ര പേരാണ് അശുദ്ധമായി അഴുക്കുപിടിച്ചു പോകുന്നത്. ബാബ വന്നിട്ട് അഴുക്കുപിടിച്ച വസ്ത്രങ്ങളെ ശുദ്ധമാക്കുന്നു. ആത്മാവാണ് അഴുക്കുപിടിച്ചതാകുന്നത്. ആത്മാവിന് മനസ്സിലാക്കി തരുന്നു, നിങ്ങളെ മായ എത്ര അഴുക്കുള്ളതാക്കി. ഒരു ജന്മത്തിലെ കാര്യമല്ല, ജന്മജന്മാന്തരങ്ങളിലെ കാര്യമാണ്. ഇപ്പോൾ ബാബ വന്ന് ആത്മാവിനെ ശുദ്ധമാക്കുവാനായി ലക്ഷ്യമാകുന്ന സോപ്പ് നല്കുന്നു. പറയുന്നു, എന്നെ ഓർമ്മിക്കൂ എങ്കിൽ കെടാറായ ആത്മാവ് യോഗത്തിലൂടെ പ്രകാശിക്കാൻ തുടങ്ങും. സ്മൃതിയുണർത്തി തരുന്നു, നിങ്ങളെ സ്വർഗ്ഗത്തിലേക്ക് അയച്ചിരുന്നു, മായ അഴുക്കുപിടിപ്പിച്ചു. ഇപ്പോൾ നിങ്ങളെ സ്വർഗ്ഗത്തിന് അധികാരിയാക്കാൻ വന്നിരിക്കുന്നു. ഞാനീ ബ്രഹ്മാവിന്റെ ശരീരത്തിലൂടെ പഠിപ്പ് നല്കുന്നു. ആത്മാവിനോട് പറയുന്നു - ദേഹ സഹിതം ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളെയും മറന്ന് അച്ഛനായ എന്നെ ഓർമ്മിക്കൂ എങ്കിൽ ആത്മാവ് ശുദ്ധമായിത്തീരും. പിന്നെ നിങ്ങൾക്ക് ഭാവിയിൽ ശരീരവും പുതിയത് ലഭിക്കും, തത്വം തുടങ്ങിയവയും സതോപ്രധാനമായിത്തീരുന്നു. ബാബ പറയുന്നു, ഈ പഴയലോകത്തെ മറക്കൂ, എന്നെ ഓർമ്മിക്കൂ എങ്കിൽ എന്റെ അരികിൽ എത്തിച്ചേരും. ഈ പഴയ ലോകത്തിൽ എന്തെങ്കിലും വസ്തുക്കൾ ഉണ്ടാക്കുമ്പോൾ അതിന് പുതിയ പേരു വെയ്ക്കുന്നു. എങ്ങനെയാണോ ന്യൂഡൽഹി എന്ന് പേര് വെച്ചിരിക്കുന്നു എങ്കിലും ലോകം പഴയതുതന്നെയല്ലേ. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയോഗം പഴയലോകത്തിൽ നിന്നും പൂർണ്ണമായും വേർപെടണം. നിങ്ങൾ ആത്മാക്കൾക്ക് സ്വീറ്റ് ഹോമിലേക്ക് പോകണം. ഇപ്പോൾ ആത്മാവെന്ന് നിശ്ചയം ചെയ്യേണ്ടതുണ്ട് കൂടാതെ ബാബയെ ഓർമ്മിക്കൂ എങ്കിൽ അന്ത്മതി സോഗതിയായിത്തീരും. മനുഷ്യർ അനേകരെ ഓർമ്മിക്കുന്നു -ചിലർ ഗുരുക്കന്മാരെ, ചിലർ കൃഷ്ണനെ. എന്നാൽ കൃഷ്ണൻ മുതലായവർ എവിടെപ്പോയി എന്നറിയില്ല. പുനർജ്ജന്മം എല്ലാവർക്കും തീർച്ചയായും എടുക്കണം എന്നതുമറിയില്ല. ഈ ആചാരങ്ങൾ സൃഷ്ടിയുടെ ആദ്യം മുതൽ നടന്നുകൊണ്ടിരിക്കുന്നു. സത്യയുഗ ആദിയിൽ ദേവീദേവതകൾ ആയിരുന്നു അപ്പോൾ തീർച്ചയായും പുനർജന്മവും അവിടെ മുതൽ ആയിരിക്കും ആരംഭിച്ചത്. ഏറ്റവും ആദ്യത്തേത് ശ്രീകൃഷ്ണൻ, ആദ്യത്തെ പാവന മനുഷ്യൻ. ശ്രീകൃഷ്ണന് മഹിമ വളരെയുണ്ട് എന്നാൽ ലക്ഷ്മീ നാരായണന് അത്രക്കില്ല. കാരണം കുട്ടികൾ പവിത്രം, സതോപ്രധാനമായിരിക്കും. എന്നാൽ കൃഷ്ണപുരി എവിടെയാണ് എന്നത് പോലും അറിയില്ല. വൈകുണ്ഠം എന്ന് പറയുന്നു. എന്നാൽ സത്യയുഗത്തെക്കുറിച്ച് ആർക്കുമറിയില്ല. കൃഷ്ണനെ ദ്വാപരത്തിലേക്ക് കൊണ്ടുവന്നു. ആ നാമ-രൂപം അടുത്തജന്മത്തിൽ ഉണ്ടാവുകയില്ല. കൃഷ്ണൻ സത്യയുഗത്തിലായിരുന്നു. നിങ്ങൾക്കറിയാം ഈ ജഗദംബ, ജഗത്പിതാവ് വന്ന് ലക്ഷ്മീ നാരായണനാകുന്നു. സത്യയുഗത്തെ കൃഷ്ണപുരി എന്നു പറയുന്നു, ഇപ്പോൾ കംസപുരിയാണ്. ഇത് എല്ലാം ആസുരീയ നാമങ്ങളാണ്. അവിടെ ദൈവീക സമ്പ്രദായമാണ്, ഇവിടെ ആസുരീയ സമ്പ്രദായമാണ്. ഈ പേരുകൾ കേവലം ഗീതയിൽ ഉണ്ട് മറ്റ് ഒരു ശാസ്ത്രങ്ങളിലും ഉണ്ടാവുകയില്ല. ബാബ ഇരുന്ന് സംഗമത്തിൽ മനസ്സിലാക്കിതരുന്നു. അപ്പോൾ ബാബയാണ് രചയിതാവ്. ബാബയെ മനുഷ്യ സൃഷ്ടിയുടെ ബീജരൂപം എന്ന് പറയുന്നു. ബാബാ അങ്ങ് പതീത-പാവനമാണ്, ഈ പതീതലോകത്തെ വന്ന് പാവനമാക്കൂ, പാവന സൃഷ്ടി രചിച്ച് പതീതലോകത്തിന്റെ വിനാശം ചെയ്യൂ എന്ന് നിങ്ങൾ പാടുന്നുമുണ്ട്. തീർച്ചയായും ബ്രഹ്മാവിലൂടെ പാവന സൃഷ്ടി രചിക്കുന്നു പിന്നെ ശങ്കരനിലൂടെ പതീത സൃഷ്ടിയുടെ വിനാശം ഉണ്ടാകുന്നു. ഇക്കാര്യങ്ങളൊക്കെ മറ്റാർക്കും തന്നെ അറിയില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ ബാബയോടൊപ്പം യോഗം വെയ്ക്കുന്നു. നിങ്ങൾ കാണുന്നുണ്ട്, അഴുക്കുപിടിച്ച വസ്ത്രങ്ങൾ അടിച്ച് അലക്കുമ്പോൾ ചിലത് കീറിയും പോകുന്നു. പൂർണ്ണമായിട്ടും ശുദ്ധമാകാത്ത അജാമിലനെപ്പോലുള്ള പാപികളുണ്ട്. ബാബ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കിതരുന്നത് - കുട്ടികളെ, വളരെ പ്രിയപ്പെട്ട ബാബയെയും വളരെ പ്രിയപ്പെട്ട സുഖധാമത്തെയും ഓർമ്മിക്കൂ. ഇത് അതിദുഃഖധാമമാണ്. എല്ലാവരും രക്ഷിക്കണേ, രക്ഷിക്കണേ എന്നു വിളിക്കുന്നു. പരസ്പരം അടിക്കുന്നു. പിന്നെ പറയുന്നു ഭഗവാനെ രക്ഷിക്കണേ, ബാബ ലിബറേറ്ററാണ്. നിങ്ങൾക്കറിയാം ബാബ വന്നിരിക്കുന്നു, പ്രത്യേകിച്ച് നിങ്ങൾ കുട്ടികളെയും കൂടാതെ പൊതുവായി സർവ്വരേയും ശാന്തിധാമത്തിലേക്ക് കൂട്ടിക്കൊണ്ടു പോകുവാൻ. നിങ്ങൾ കുട്ടികളിലും സംഖ്യാക്രമത്തിലാണ് ഈ ലഹരിയുള്ളത്. ഈ പഠിത്തവും കുറഞ്ഞതൊന്നുമല്ല. ആരെയാണ് പഠിപ്പിക്കുന്നതെന്ന് നോക്കൂ! അജാമിലനെപ്പോലെയുള്ള പാപാത്മാക്കളെ സ്വർഗ്ഗത്തിന്റെ അധികാരികളാക്കുന്നു. കുട്ടികൾക്ക് വീണ്ടും വീണ്ടും മനസ്സിലാക്കിതരുന്നു, അതായത് നിങ്ങൾ ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം. ലക്ഷ്യം ബുദ്ധിയിലുണ്ട്.

ഈ പവിത്രതയുടെ സ്വഭാവത്തെകുറിച്ച് മറ്റാരും കേൾപ്പിക്കാറില്ല. സന്യാസിമാർ വീടൊക്കെ ഉപേക്ഷിപ്പിക്കുന്നു. നിങ്ങൾ വീടൊന്നും ഉപേക്ഷിക്കേണ്ടതില്ല. എന്നാൽ പഴയ ലോകത്തെ ഉപേക്ഷിക്കേണ്ടതുണ്ട്.

അത് പരിധിയുള്ള സന്യാസമാണ്, ഇത് പരിധിയിയില്ലാത്തതാണ്. സന്യാസിമാർക്ക് വളരെ ആദരവ് ലഭിക്കുന്നു. ഇവിടെ ഏതെങ്കിലും സന്യാസിമാർ വരുകയാണെങ്കിൽ ആദ്യം അവരോട് വസ്ത്രം വേറെ ധരിക്കൂ , പത്നിക്കുപോയി ജ്ഞാനം കേൾപ്പിച്ചുകൊടുക്കൂ എന്ന് പറയുന്നു. വളരെപ്പേർ നിങ്ങളുടെ ചരണങ്ങളിൽ വീഴും. മാതാക്കളിലൂടെയല്ലാതെ അവരെ ഉദ്ധരിക്കാൻ സാധിക്കുകയില്ല. കാരണം നിങ്ങൾ ജ്ഞാനം നല്കുന്നു. ബാക്കി ചരണങ്ങളിൽ വീഴേണ്ട കാര്യമൊന്നുമില്ല. ചിലർ നമസ്തേ അല്ലെങ്കിൽ രാമ-രാമ എന്നു പറയുന്നു. അപ്പോൾ മറുപടി കൊടുക്കേണ്ടി വരുന്നു. ബാബയും പറയുന്നു - കുട്ടികളേ, നമസ്തേ. ഞാൻ നിങ്ങളെ എന്നെക്കാൾ ഉയർന്നവരാക്കുന്നു. നിങ്ങളെ ബ്രഹ്മാണ്ഡത്തിന്റെയും സൃഷ്ടി അധികാരിയാക്കുന്നു. എന്നിട്ട് ഞാൻ വാനപ്രസ്ഥത്തിലേക്ക് പോകുന്നു. എന്നാൽ ശ്രീമത്തനുസരിച്ച് നടക്കേണ്ടതായുണ്ട്. ഈ പഴയ ലോകത്തിൽ നിന്ന് മുഖം തിരിക്കണം. രാമന്റെയും രാവണന്റെയും ചിത്രമുണ്ടല്ലോ. അതുപോലെ കൃഷ്ണന്റെയും ചിത്രമുണ്ട്, നരകത്തിനെ തൊഴിച്ചുകളയുന്നു, സ്വർഗത്തിന്റെ ഗോളം കയ്യിലുണ്ട്. ബാബ വളരെ നല്ല രീതിയിൽ മനസ്സിലാക്കി തരുന്നു. എന്നാൽ വിരളം ചിലരെ ഈ വ്യാപാരം ചെയ്യുന്നുള്ളു. ബാബയ്ക്ക് ശരീരം, മനസ്സ്,ധനം, നല്കി പുതിയതെടുക്കുന്നു. ഇതൊരു ഫസ്റ്റ് ക്ലാസ്സ് ഇൻഷ്വറൻസാണ്. ബാബ പറയുന്നു, നിങ്ങൾ ആത്മാവിനെ പവിത്രമാക്കും അപ്പോൾ ശരീരവും പവിത്രമായതു ലഭിക്കും. പിന്നെ സ്വർഗ്ഗത്തിൽ രാജ്യം ഭരിക്കും അതുകൊണ്ട് ബാബയെ വ്യാപാരി, ഇന്ദ്രജാലക്കാരൻ എന്നു പറയുന്നു. പതീതരെ പാവനമാക്കുക - ഇത് ഈശ്വരീയ ഇന്ദ്രജാലമാണ്. ബാബ പറയുന്നു - നരകവാസികളെ സ്വർഗവാസിയാക്കു. എത്ര ഫസ്റ്റ് ക്ലാസ്സ് ഇന്ദ്രജാലമാണിത്. പ്രാപ്തി വളരെയധികമുണ്ട്. ബാബ പറയുന്നു, രാജാക്കന്മാരുടെയും രാജാവാകൂ, അച്ഛനെ ഫോളോ ചെയ്യൂ. ഈ അച്ഛൻ (ബ്രഹ്മാബാബ ) അദർ കുമാരനാണ്. മമ്മ കുമാരി കന്യയാണ്. അപ്പോൾ ഫോളോ ചെയ്യേണ്ടതായിട്ടുണ്ട്. നിങ്ങൾ പറയും ഞങ്ങൾ സഹോദരീ സഹോദരന്മാരാണ്, അച്ഛനിൽ നിന്നും ആസ്തിയെടുക്കുന്നു. ലൗകീകത്തിൽ ആണെങ്കിൽ സഹോദരിക്ക് ആസ്തി ലഭിക്കാറില്ല, സഹോദരനു ലഭിക്കും. ഇവിടെ നിങ്ങൾ സർവ്വർക്കും ലഭിക്കുന്നു. കാരണം നിങ്ങളെല്ലാവരും ആത്മാക്കളാണ്. നിങ്ങൾ സർവ്വർക്കും എന്റെ അരികിലേക്ക് എത്തിച്ചേരണം. പിന്നെ ഈ സഹോദരീ സഹോദരന്റെ ബന്ധവും മുറിഞ്ഞുപോകും എന്ന് ബാബ പറയുന്നു. അവിടെ അച്ഛൻ കുട്ടിയുടെ ബന്ധമാണ്. അതുകൊണ്ടാണ് പറയുന്നത് നമ്മളെല്ലാവരും സഹോദരന്മാരാണ്, സാഹോദര്യമാണ്, പിതൃത്വമല്ല(വി ആർ ഓൾ ബ്രദേഴ്സ്. ബ്രദർഹുഡാണ്, ഫാദർഹുഡല്ല). സർവ്വവ്യാപിയെന്ന ജ്ഞാനം വളരെ നഷ്ടമുണ്ടാക്കി. ഇപ്പോൾ നിങ്ങൾ കുട്ടികൾ അച്ഛനെ ഓർമ്മിക്കണം. ആരെങ്കിലും യോഗത്തിൽ ഇരുത്തിയാൽ ഇരിക്കാം എന്നാകരുത്. നിങ്ങൾക്ക് ലക്ഷ്യം വച്ചിട്ടുണ്ട്. മുരളി കേട്ടിട്ട് പിന്നെ നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും യോഗത്തിലിരിക്കണം. നിങ്ങൾ യാത്രയിലാണ്, പൊയ്ക്കൊണ്ടിരിക്കുകയാണ്. എട്ടു മണിക്കൂർ സർവ്വീസ് ചെയ്തുകൊള്ളൂ, അതും ഇളവാണ്, ബാക്കി ടൈം നല്കണം. മുഖ്യമായ കാര്യം പവിത്രതയുടേതാണ്. പരസ്പരം പതീതമാക്കി ആദി മദ്ധ്യ അന്ത്യം ദുഃഖം നല്കി. ഇപ്പോൾ വൃക്ഷം പൂർണ്ണമായും അഴുകിയിരിക്കുയാണ്. അഴുകിയിരിക്കുന്ന വൃക്ഷത്തെ ബാബ വന്നിട്ട് ദൈവീക വൃക്ഷമാക്കുന്നു. ഇപ്പോൾ ശ്രീമത്തനുസരിച്ച് നടക്കു. ശിവബാബ സംസാരിക്കുമ്പോൾ ഒപ്പം തന്നെ ബ്രഹ്മാവും സംസാരിക്കുന്നു. എന്നാൽ ശിവബാബ നമ്മളുടെ അച്ഛനുമാണ്, ടീച്ചറുമാണ്, സദ്ഗുരുവുമാണെന്ന് നിങ്ങൾക്കറിയാം. നിങ്ങൾ കുട്ടികളുമാണ്, വിദ്യാർത്ഥികളുമാണ് കൂടാതെ നിങ്ങളോടും ഗ്യാരണ്ടി ചെയ്യുന്നു നിങ്ങളെ തിരിച്ചുകൂട്ടിക്കൊണ്ടുപോകും. ഇങ്ങനെയുള്ള ഗ്യാരണ്ടി മറ്റാർക്കും ചെയ്യാൻ സാധിക്കില്ല. അവർ കേവലം തന്റെ മേൽ വലിയവലിയ ടൈറ്റിലുകൾ വയ്ക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് അതോറിറ്റി ലഭിച്ചിരിക്കുന്നു. ജഗത്ഗുരു ഒന്നാണ്, ബാബ സർവ്വരുടെയും സദ്ഗതി ചെയ്യുന്നു എന്ന് നിങ്ങൾക്കു മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. ഇങ്ങനെയുള്ള സുഖദാതാവായ അച്ഛനെ ആർക്കുമറിയില്ല. അഥവാ അച്ഛനെ അറിഞ്ഞിരുന്നുവെങ്കിൽ സ്വത്തിനെക്കുറിച്ചും അറിഞ്ഞേനെ. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) അന്ത് മതി സോ ഗതി ആകുന്നതിനായി പഴയ ലോകത്തിൽ നിന്നും മനസ്സിനെ വേർപെടുത്തി, തന്റെ മുഖത്തെ തിരിക്കണം. തന്റെ മധുരമായ വീടിനെ ഓർമ്മിക്കണം.

2) വ്യാപാരിയായ അച്ഛനോട് സത്യമായ വ്യാപാരം ചെയ്യണം. ശരീരം- മനസ്സ്-ധനം സർവ്വതും ഇൻഷ്വർ ചെയ്ത് ഫോളോ ഫാദർ ആകണം.

## വരദാനം:- പരിധിയുള്ള മതിലുകളെ മറികടന്ന് ലക്ഷ്യത്തിന് സമീപം എത്തിച്ചേരുന്ന ഉപരാമമായി ഭവിക്കൂ

ഏത് പ്രകാരത്തിലുമുള്ള പരിധിയുള്ള മതിലിനെയും മറികടക്കുന്നതിന്റെ അടയാളമാണ് - മറികടന്നു, ഉപരാമമായി. ഉപരാമ സ്ഥിതി അർത്ഥം പറക്കുന്ന കല. ഇങ്ങനെ പറക്കുന്ന കലയുള്ളവർ ഒരിക്കലും പരിധിയിൽ കുടുങ്ങുകയോ, ഉടക്കുകയോ ചെയ്യില്ല, അവർ ലക്ഷ്യം സദാ സമീപം കണ്ടുകൊണ്ടിരിക്കും. അവർ പറക്കുന്ന പക്ഷിയായി കർമ്മത്തിന്റെ ഈ കൽപ വൃക്ഷത്തിന്റെ ശാഖയിൽ വരും. പരിധിയില്ലാത്ത സമർത്ഥ സ്വരൂപത്തോടെ കർമ്മം ചെയ്തു പറന്നു. കർമ്മമാകുന്ന ശാഖയുടെ ബന്ധനത്തിൽ കുടുങ്ങില്ല. സദാ സ്വതന്ത്രമായിരിക്കും.

## സ്ലോഗൻ:- അനുഭവങ്ങളുടെ അധികാരിയാകൂ എങ്കിൽ മായയുടെ ഭിന്ന-ഭിന്ന റോയൽ രൂപങ്ങളുടെ വഞ്ചന അനുഭവിക്കില്ല.